Talented Bankers Literary Panel
പുസ്തകപരിചയം 244

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആശിഷ് ബെൻ അജയ്
ബാങ്ക് ഓഫ് ഇന്ത്യ,
സോണൽ ഓഫീസ്,
കേരള സോൺ, എറണാകുളം.

സ്കാവഞ്ചർ
ജി ആർ ഇന്ദുഗോപൻ

തിരുവനന്തപുരം മൃഗശാല കേന്ദ്ര കഥാപശ്ചാത്തലമായി വരുന്ന മർഡർ മിസ്റ്ററി വിഭാഗത്തിലുള്ള ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത് മാതൃഭൂമി ബുക്സാണ്. പച്ചെ എന്ന പേരും പിച്ച എന്ന വിളിപ്പേരുമുള്ള തിരുനെൽവേലിക്കാരനായ ഒരു തമിഴ്നാട്ടുകാരൻ പയ്യനാണ് ഈ കഥയിലെ സ്കാവഞ്ചർ. കയ്യോടെ പിടിക്കപ്പെട്ട ഒരു മോഷണ കേസിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടി മൂന്നുവർഷം അടിമ ജോലി ചെയ്യാമെന്ന് സമ്മതിച്ച ഈ തമിഴ് പയ്യനെ മ്യൂസിയം പോലീസ് സ്റ്റേഷനിലെ എസ്.ഐ പ്രാണകുമാർ, തന്റെ ഉറ്റസുഹൃത്തായ മൃഗശാല വെറ്റിനറി സർജൻ ഡോ.ഡാവിഞ്ചിക്ക് അടിമയായി സമ്മാനിക്കുന്നു. മുതലകളേയും പാമ്പുകളേയുമൊക്കെ പരിപാലിക്കാനുള്ള അധികം ആരും ഏറ്റെടുക്കാൻ തയ്യാറാകാത്തതുമായ അപകടം പിടിച്ചൊരു തസ്തികയിൽ അയാൾ പണിയെടുക്കുന്നു. തോട്ടികളുടെ കുലത്തിൽ പിറന്നവനാണെങ്കിലും, സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടുമാത്രം ഈ പണിയെടുക്കേണ്ടി വന്നവനാണ് അവൻ. എന്നാൽ പറഞ്ഞത് പ്രകാരം മൂന്നു വർഷം കഴിഞ്ഞിട്ടും മൃഗശാലയിൽ നിന്നും രക്ഷപ്പെടാൻ അയാൾക്ക് കഴിയുന്നില്ല. നല്ലൊരു അടിമയായ പിച്ചയെ വെറുതെ അങ്ങ് വിട്ട് കളയാൻ മൃഗശാല സർജനും സമ്മതിക്കുന്നില്ല. ഇതിനിടയിൽ എസ്. ഐ ദാരുണമായി കൊല്ലപ്പെടുകയും, എല്ലാവരും കുറ്റവാളിയെന്ന് മുദ്ര കുത്തുന്ന ഈ തമിഴയ്യൻ ആ കുറ്റം ശക്തമായി നിഷേധിക്കുകയും ചെയ്യുന്നതോടെ നോവൽ സംഘർഷവും ഉദ്വേഗവും നിറഞ്ഞ പാതയിലേയ്ക്ക് തിരിയുന്നു.

മൃഗശാലയിലെ ഇഴജന്തുക്കളുടെയും മുതലകളുടെയുമൊക്കെ കൂട് വൃത്തിയാക്കലും അവരുടെ മലവിസർജനങ്ങൾ കോരി കളയലുമാണ് ഒരു സ്കാവഞ്ചറിന്റെ യഥാർത്ഥ പണി. എല്ലാവരാലും ചവിട്ടി ഇറക്കപ്പെടുന്ന അല്ലെങ്കിൽ ചവിട്ടിമെതിക്കപെടുന്ന ഒരു കൂട്ടം തൊഴിലാളികളുടെ പ്രതിനിധിയായിട്ടാണ് പച്ചയ് എന്ന ചെറുപ്പക്കാരനെ കഥയിലുടനീളം എഴുത്തുകാരൻ അവതരിപ്പിച്ചിരിക്കുന്നത്. യാതൊരുവിധത്തിലുമുള്ള തൊഴിൽ സുരക്ഷിതത്വങ്ങളോ ആനുകൂല്യങ്ങളോ ഇല്ലാതെ, ഇന്നും തീർത്തും അപരിഷ്കൃതമായി തുടരുന്ന

സ്കാവഞ്ചർ എന്ന തസ്തികയുടെ കാണാപ്പുറങ്ങളിലേയ്ക്കും, മൃഗശാലയ്ക്കുള്ളിലെ ദൈനംദിന പ്രക്രിയകളിലേയ്ക്കും അപരിചിതമായ ചുറ്റുപാടുകളിലേയ്ക്കും ഈ പുസ്തകം വെളിച്ചം വീശുന്നു. ഈ സൈബർ യുഗത്തിൽ പോലും നിലനിന്നു പോരുന്ന ജാതിചിന്തകളേയും, വിഭാഗീയ ചിന്തകളെയും, അടിമവ്യവസ്ഥയേയും അടിമ -ഉടമ ബന്ധങ്ങളെയും എടുത്തുകാട്ടുന്ന ഒരു രചന തന്നെയാണ് ഈ പുസ്തകം.

എസ്. ഐ പ്രാണകുമാറിന്റെ ആസ്വഭാവിക മരണം, ആദ്യം മുതൽക്കു തന്നെ ആ തമിഴ് പയ്യന് നേരെ വിരൽ ചൂണ്ടുന്നുവെങ്കിലും, കഥ പുരോഗമിക്കുന്നതോടെ ആ കൊലപാതകത്തിന്റെ ചുരുളുകൾ പതിയെ അഴിയുന്നു. കഥയിലുടനീളം ഗംഭീരമായ ട്വിസ്റ്റുകളും കഥാകാരൻ ഒളിപ്പിച്ചു വെച്ചിട്ടുണ്ട്. ചില യാഥാർഥ്യങ്ങളിലൂന്നിയ ഒരു ഭാവനാസൃഷ്ടി മാത്രമാണ് ഈ കഥ എന്ന് കഥാകാരൻ തന്നെ സാക്ഷ്യപ്പെടുത്തുന്നുവെങ്കിലും, കഥ വായിച്ചവസാനിക്കുമ്പോൾ, ഇത് ശരിക്കും നടന്ന ഒരു സംഭവം തന്നെയല്ലേ എന്നൊരു ചിന്ത വായനക്കാരനു തോന്നിയാൽ അതിൽ ഒട്ടും തന്നെ അത്ഭുതപ്പെടാനില്ല. കാരണം അത്രമേൽ ഭംഗിയോടും സൂക്ഷ്മതയോടും കൂടിയാണ് ഇന്ദുഗോപൻ ഈ കഥയുടെ ക്രാഫ്റ്റ് നിർവഹിച്ചിരിക്കുന്നത്. 2022 ജനുവരിയിൽ പുറത്തിറങ്ങിയ ഈ പുസ്തകം, ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ മാതൃഭൂമി ബുക്സിന്റെ ബെസ്റ്റ് സെല്ലർ വിഭാഗത്തിൽ ഇടം പിടിച്ചതും ഇത് കൊണ്ട് തന്നെ. കേവലം 110 പേജുകൾ മാത്രമുള്ള ഈ പുസ്തകം ഒറ്റയിരുപ്പിൽ തന്നെ വായിച്ചു തീർക്കുവാൻ സാധിക്കുന്ന ഒന്ന് തന്നെയാണ്.

പ്രസാധകർ: മാതൃഭൂമി ബുക്സ്
വില: Rs.170/-